ഉത്തരം

(എ) ദേശീയ-അന്തർദേശീയ മേളകളിൽ പങ്കെടുത്തും, റോഡ് ഷോ-കൾ സംഘടിപ്പിച്ചും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ കൂടി പ്രചരണം നടത്തിയും കേരളത്തിന്റെ പാരമ്പര്യവും, പൈതൃകവും ഉൾക്കൊള്ളുന്ന കലാസാംസ്കാരിക സായാഹ്നങ്ങൾ സംഘടിപ്പിച്ചും വകുപ്പിന്റെ ഇൻഫർമേഷൻ കൗണ്ടറുകൾ വഴി ടൂറിസ്റ്റുകൾക്കാവശ്യമായ ലഘുലേഖകൾ, സി.ഡി.-റോമുകൾ എന്നിവ നൽകിയും ടൂറിസത്തിന്റെ വെബ്സൈറ്റ്, ട്രോൾഫീ-ഫോൺ വഴി ആവശ്യമായ വിവരങ്ങൾ നൽകിയും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ബി) മേഖലാമുലം പരാതി കിട്ടിയിട്ടില്ല.

കായലുകളുടെ സമഗ്ര വികസനം

130 (2409) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്ന കായലുകളുടെ സമഗ്രവികസനം സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടുകൂടി കേരളത്തിലെ കായലുകളുടെ സമഗ്രവികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു.

വിമാന കമ്പനികളുമായും റെയിൽവേയുമായും സഹകരിച്ച് ടൂറിസം പദ്ധതി

131 (2410) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമാന കമ്പനികളുമായി സഹകരിച്ച് പുതിയ ടൂറിസം പാക്കേജ് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് വിമാന കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ഇന്ത്യയിലെ പ്രമുഖ നഗരങ്ങളിൽ നിന്നും വിനോദസഞ്ചാരികളെ ആകർഷിക്കാൻ റെയിൽവേയുമായി ചേർന്ന് പ്രത്യേകം ടൂറിസം പാക്കേജ് നടപ്പാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. കേരളത്തിലെ വിവിധ ഹോട്ടലുകളെ ഉൾപ്പെടുത്തിയുള്ള ഒരു ടൂറിസം പാക്കേജിന് സംസ്ഥാന ടൂറിസം വകുപ്പും ഇന്ത്യൻ എയർലൈൻസും ചേർന്ന് ഒരു ധാരണാപത്രം ഒപ്പു വയ്ക്കുകയുണ്ടായി. ഇപ്രകാരം ടി പാക്കേജിൽ ഉൾപ്പെട്ട ഹോട്ടലുകൾ ഇന്ത്യൻ എയർലൈൻസിന് സൗജന്യ നിരക്കിൽ ഹോട്ടൽ മുറികൾ അനുവദിക്കുകയുണ്ടായി. ഈ പദ്ധതി ഇപ്പോഴും നിലവിലുണ്ട്.

(ഡി&ഇ) ഉണ്ട്. റെയിൽവേയുമായി ചേർന്ന് മുംബെയിൽ നിന്നും കേരളത്തിലേക്കുള്ള നേത്രാവതി എക്സ്പ്രസിൽ പ്രത്യേക 3 ടയർ എ.സി. കോച്ചിൽ എല്ലാ ശനിയാഴ്ചയും സീസൺ സമയത്ത് കേരളത്തിലേക്ക് വിനോദ സഞ്ചാരികളെ കൊണ്ടുവരാനുള്ള സംവിധാനം പ്രത്യേക പാക്കേജ് മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സീസൺ സമയത്ത് അഹമ്മദാബാദിൽ നിന്നും എല്ലാ ചൊവ്വാഴ്ചയും ഹൈദ്രാബാദിൽ നിന്നും എല്ലാ ശനിയാഴ്ചയും സീറ്റുകൾ ബുക്ക് ചെയ്ത് റെയിൽവേയുമായി ചേർന്ന് വിനോദസഞ്ചാരികളെ കേരളത്തിലേക്ക് കൊണ്ടുവരാനുള്ള ടൂറിസം പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ട്.

ടൂറിസം വകുപ്പിലും കെ.ടി.ഡി.സി.-യിലും താൽക്കാലികാടിസ്ഥാനത്തിൽ നിയമനം

132 (2411) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിലും കെ.ടി.ഡി.സി.-യിലും താൽക്കാലിക അടിസ്ഥാനത്തിൽ എത്രപേരെ നിയമിച്ചു ; അവ ഏതൊക്കെ തസ്തികകളിൽ ;

(ബി) പ്രസ്തുത ആളുകൾക്ക് വേതനം നൽകുന്നത് ദിവസക്കൂലി, ശമ്പളം, വൗച്ചർ പേമെന്റ് ഇവയിൽ ഏത് വ്യവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ തസ്തികയിലുള്ളവർക്കും പ്രതിദിനം/പ്രതിമാസം എത്ര തുക നൽകുന്നു ;

(ഡി) ഇത്തരം നിയമനങ്ങൾക്ക് അപേക്ഷ ക്ഷണിക്കാറുണ്ടോ ; പത്രപരസ്യം നൽകാറുണ്ടോ ;

(ഇ) എങ്കിൽ ഏതൊക്കെ പത്രങ്ങളിൽ പരസ്യപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കേണ്ടതില്ലെന്ന് പി.എസ്.സി.-യോട് ശുപാർശ ചെയ്തിട്ടുള്ള ഏതെങ്കിലും തസ്തികകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും എത്ര തുക വീതം ശമ്പളം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly